# പരിഹാരം ജനാധിപത്യവത്ക്കരിച്ച സമരം തന്നെ

**ആർ. അജയൻ**

കൺവീനർ, പ്ലാച്ചിമട, സമരഐക്യദാർഢ്യ സമിതി

ചോദ്യം ഒന്നിനും ആറിനുമുള്ള ഉത്തരം

പ്ലാച്ചിമട പ്രശ്നം ഗൗരവമേറിയ രാഷ്ട്രീയ പ്രശ്നമാണ്. സാമ്രാജ്യത്വ ആഗോളവല്ക്കരണ നയങ്ങളുടെ ഫലമായി ജീവിതവും ജീവനോപാധികളും തകർത്തെറിഞ്ഞുകൊണ്ടിരിക്കുന്നതിന്റെയും സമൂഹത്തിനാകെ അവകാശപ്പെട്ട പൊതുസമ്പത്തുക്കളായ ജലം, മണ്ണ്, വനം തുടങ്ങി പ്രകൃതി സമ്പത്തുക്കൾ കൊള്ളയടിക്കപ്പെടുന്നതിന്റെയും നേർക്കാഴ്ചയാണ് പ്ലാച്ചിമടയിൽ നാം കാണുന്നത്. ജലചൂഷണത്തിലൂടെയും ജലമലിനീകരണത്തിലൂടെയും കോടികൾ കൊയ്യുന്ന കമ്പനിയുടെ സംരക്ഷകരായി ഭരണകൂടം മാറുന്നു. ഈ ബഹുരാഷ്ട്ര കോർപ്പറേറ്റിനെതിരെ സമരം തുടങ്ങിയിട്ട് 1000 ദിവസം തികയുന്നു. എത്രയും വേഗം കമ്പനി പൂട്ടിപ്പിക്കാൻ തയ്യാറാവുന്നതിലൂടെയേ പ്രശ്നം പരിഹരിക്കൂ.

അതിനുള്ള ഉപാധി വീറുറ്റ ജനകീയ പോരാട്ടങ്ങളാണ്. കോള കമ്പനിക്കെതിരെ തദ്ദേശീയരായ ആദിവാസികൾ നടത്തിവരുന്ന സമാന സമരവുമായി ഐക്യപ്പെട്ടുകൊണ്ട് ഈ പ്രവർത്തനങ്ങളുടെയൊക്കെ ഫലമായിട്ടാണ് താല്ക്കാലികമായെങ്കിലും ജൂൺ 17 ന് വരെ ജലചൂഷണാതിർത്തിവക്കാൻ സർക്കാർ തയ്യാറായതും ഇപ്പോഴും കോള ഉൽപ്പാദനം നടത്താൻ കഴിയാതിരിക്കുന്നത്. ജനകീയ സമരങ്ങളുടെ ജനകീയ ഇടപെടലിന്റെ പ്രസക്തിയെയാണ് ... ഈ താല്ക്കാലിക വിജയത്തെ വിലയിരുത്തപെടേണ്ടത്. ഇടതുമുന്നണി ഈ സമരത്തിൽ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. നിയമസഭയ്ക്കകത്തും പുറത്തും മുന്നണിനേതാക്കൾ പ്ലാച്ചിമട സമരത്തിന് നൽകുന്ന പിന്തുണ മാത്രം പോരാ. നിണ്ടുനിൽക്കുന്ന പ്രക്ഷോഭ സമരത്തിന് തയ്യാറാകണം. അതിനുവേണ്ടി അവരെ പ്രേരിപ്പിക്കാവുന്ന ഘടകങ്ങൾ ഉരുത്തിരിഞ്ഞ് വരുന്നുണ്ട്.

3. പ്ലാച്ചിമട സമരം വിജയക്കണമെങ്കിൽ തദ്ദേശവാസികൾ നടത്തുന്ന സമരത്തിന് വീറ് പകർന്നു കൊണ്ട് ആഗോളവല്ക്കരണ ശക്തികൾ തങ്ങളുടെ മുഖ്യ പ്രക്ഷോഭ പരിപാടിക്കായി കോള വിതരണസമരത്തെ കാണുകയും പ്രക്ഷോഭം സംഘടിപ്പിക്കുകയും ചെയ്യുന്നു. അതിനുള്ള ഇച്ഛാശക്തി "ആഗോളവല്ക്കരണവിരുദ്ധരെന്ന്" പറയുന്നവർ പ്രവൃത്തിയിലൂടെ കാണിക്കാൻ തയ്യാറാവണം. കേരളത്തിലെ വിപ്ലവ യുവജന സംഘടനകളെ ഉദാഹരിക്കാം. DYFI, AIYF എന്നീ രണ്ട് സംഘടനകൾ മാത്രം തീരുമാനിച്ചാൽ മതി കോള വിതരണം കേരളത്തിൽ വേണ്ടെന്നും ഉപഭോഗം ഒരായുധമാക്കികൊണ്ട് കോളയുടെ കമ്പോളം തകർക്കാൻ ...... ശക്തിപോരെ. കോളയുമായി ബന്ധപ്പെട്ട ചരക്കുവണ്ടികൾ നിരത്തിലിറങ്ങാൻ അനുവദിക്കില്ലെന്നു തീരുമാനിച്ചാൽ പോരേ - സമരം മതിയാക്കാൻ.

കുറെക്കൂടി ജനാധിപത്യവൽക്കരണം ഈ സമരത്തിനാവശ്യമുണ്ട്. സമരത്തിനൊപ്പം ചലിക്കുന്ന ഒരാളെന്ന നിലയിൽ വീഴ്ചയിൽ എണ്ണിപറയുന്നതിനേക്കാൾ നല്ലത്. സ്വന്തം ആത്മാവിലേക്ക് വിരൽ ചൂണ്ടുന്നതല്ലേ. പ്ലാച്ചിമട സമരം നേരിടുന്ന വെല്ലുവിളി കോള കമ്പനിയിൽനിന്നും അവരെ സംരക്ഷിക്കുന്ന ഭരണകൂടത്തിൽ നിന്നുമാണ്. സാങ്കേതികത്വവും നിയമകുരുക്കുകളും ഒക്കെ പറഞ്ഞ പ്രശ്നത്തിൽ ഒരു നിലപാട് ഈ സർക്കാർ എടുക്കുന്നില്ലല്ലോ.

## ലോകമാണ് ഈ സമരം ഏറ്റെടുക്കേണ്ടത്

**എം.പി. വിരേന്ദ്രകുമാർ, എം.പി.**

● പ്ലാച്ചിമടയിലെ സമരം ആദിവാസികളുടെ നേരിട്ടുള്ള മുൻകൈയ്യിൽ ആരംഭിച്ച സമരമാണ്. പ്ലാച്ചിമട ഉൾപ്പെടുന്ന പെരുമാട്ടി പഞ്ചായത്ത് ഭരിക്കുന്നത് ജനതാദൾ ആണ്. പഞ്ചായത്ത് പ്രസിഡന്റായ കൃഷ്ണന്റെ നേതൃത്വത്തിൽ ജനതാദൾ സമരത്തിനൊപ്പമുണ്ട്. കോടതിവിധിയെ തുടർന്ന് കൊക്കകോള കമ്പനി അടച്ചിട്ടിരിക്കുകയാണെങ്കിലും കമ്പനി സൃഷ്ടിച്ച പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. കമ്പനി വളമെന്ന പേരിൽ വിതരണം ചെയ്ത മാലിന്യങ്ങളിൽ നിന്നുണ്ടായ ജലമലിനീകരണമാണ് അതിലൊന്ന്. ഈ മാലിന്യങ്ങൾ അരിച്ചിറങ്ങി പ്ലാച്ചിമടയിലെ കിണറുകളിലെ വെള്ളം ഉപയോഗശൂന്യമായി. കമ്പനി നടത്തിയ അമിത ജലചൂഷണത്തെ തുടർന്ന് ഭൂഗർഭ ജലനിരപ്പിലുണ്ടായ കുറവാണ് മറ്റൊരുപ്രശ്നം. കേരളത്തിലെ മൊത്തം ഗ്രണ്ട് വാട്ടർ നിക്ഷേപമായ 12 ടി.എം.സിയിൽ 10 ടി.എം.സി ഉം പ്ലാച്ചിമട ഉൾപ്പെടുന്ന പാലക്കാട് പ്രദേശത്താണ് ഉള്ളത്. 20-25 ലക്ഷം വെള്ളമാണ് കൊക്കകോള-പെപ്സി കമ്പനികൾ ചേർന്ന് ഊറ്റി എടുക്കുന്നത്. ഇത് മൂലം ഭൂഗർഭ ജല നിരക്ക് 800-1000 അടി താഴേക്ക് പോയിരിക്കുന്നു. ജലനിരപ്പ് താഴ്ന്നതിന്റെ ഫലമായുണ്ടാകുന്ന ശ്യൂന്യത കൊണ്ട് ഭൂഗർഭ ജലത്തിൽ ഓക്സിഡൈസ് അസിഡിക് പോയിസൻ ഉണ്ടാകുന്നു. അടുത്തഘട്ടത്തിൽ കടൽ ജലമാണ് ഇവിടെ ലഭ്യമാകുക.

● 1000 ദിവസം പിന്നിടുന്ന പ്ലാച്ചിമട സമരം ഒരു വെല്ലുവിളിയും നേരിടുന്നില്ല. ആദിവാസികളുടെ നേതൃത്തത്തിൽ ജനകീയ പിന്തുണയോടെ സമരം അന്തിമ വിജയം നേടുക തന്നെ ചെയ്യും. മഹാരാഷ്ട്രയിലും രാജസ്ഥാനിലും ഭുജിലുമൊക്കെ കൊക്കകോളക്കെതിരെ സമരം നടക്കുകയാണ്. രാജസ്ഥാനിലെ കൊക്കക്കോള കമ്പനിക്കെതിരെ ഹൈക്കോടതി വിധിവന്നിട്ടുണ്ട്. ലോക പ്രശസ്ത പരിസ്ഥിതി പ്രവർത്തകനായ ടോണി ക്ലാർക്ക് പ്ലാച്ചിമട സമരത്തിന്റെ 1000-ാം ദിവസത്തിൽ പങ്കെടുക്കാനായി പ്ലാച്ചിമടയിലെത്തുന്നുണ്ട്. സമരം ലോക ശ്രദ്ധനേടുക തന്നെയാണ്.

● ഇന്ന് കമ്പനിക്ക് പ്രവർത്തിക്കാൻ സാധിക്കാതെ വന്നിരിക്കുന്നത് ജെ. പി. സി. വെളിപ്പെടുത്തലുകളുടെ അനന്തരഫലം തന്നെയാണ്.

● എൽ.ഡി.എഫ് മാത്രം എറ്റെടുക്കേണ്ട ഒരു സമരമല്ല ഇത്. ലോകമാണ് ഈ സമരം എറ്റെടുക്കേണ്ടത്.